**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **18-09-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **1. പള്ളിപ്പുറം കളിസ്ഥല നിർമ്മാണം, അരൂർ**<br><br>2025 - 26 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ലെ ക്രമ നം 1178 ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിട്ടുള്ള അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം കളിസ്ഥലം പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് 10.07.2025 ൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും കായിക യുവജന കാര്യാലയത്തിലേയ്ക്കു സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>**2. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**<br><br>വി.വി.എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ട് വികസനം.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ വി.വി.എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 30.11.2024 -ൽ നൽകിയിട്ടുണ്ട്. 19.02.2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/sപ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 07.02.2025 പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കുകയും 27.02.2025-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ സ്കൂളിന് അടുത്തുള്ള ആശുപത്രി ബിൽഡിംഗ് |

| | | | |
|---|---|---|---|
| | | | എസ്കവേറ്റ് ചെയ്ത മണ്ണ് ഗ്രൗണ്ടിലേക്ക് മാറ്റുകയും അതുമൂലം ഗ്രൗണ്ടിലേയ്ക്ക് പ്രവേശനം തടസ്സപ്പെട്ടിരുന്നു. ടി മണ്ണ് പ്രസ്തുത ഗ്രൗണ്ടിൽ നിന്ന് മാറ്റിയതിന് ശേഷം 05.06.2025 ൽ സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തു. തുടർന്ന് സൈറ്റ് ക്ലീയറൻസ് പ്രവൃത്തിയും ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചു. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള മരങ്ങൾ മുറിച്ചു മാറ്റേണ്ടതായിട്ടുണ്ട്. 20.08.2025 ലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയും, 12.09.2025 ൽ പ്രസ്തുത സ്കൂൾ ഹെഡ്മിസ്ട്രസിന്റെ കത്തും ലഭ്യമായിട്ടുണ്ട്. ഉടൻ തന്നെ പ്രവൃത്തി പുനരാരംഭിക്കുന്നതാണെന്നും പ്രസ്തുത പ്രവൃത്തി 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | **1. പള്ളിപ്പുറം കളിസ്ഥല നിർമ്മാണം, അരൂർ**<br><br>2025 - 26 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ലെ ക്രമ നം 1178 ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിട്ടുള്ള അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം കളിസ്ഥലം പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് 10.07.2025 ൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും കായിക യുവജന കാര്യാലയത്തിലേയ്ക്കു സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>**2. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**<br><br>വി.വി.എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ട് വികസനം.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ വി.വി.എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 30.11.2024 -ൽ നൽകിയിട്ടുണ്ട്. 19.02.2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/sപ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 07.02.2025 പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കുകയും 27.02.2025-ൽ |

| | | | |
|---|---|---|---|
| | | | കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ സ്കൂളിന് അടുത്തുള്ള ആശുപത്രി ബിൽഡിംഗ് എസ്കവേറ്റ് ചെയ്ത മണ്ണ് ഗ്രൗണ്ടിലേക്ക് മാറ്റുകയും അതുമൂലം ഗ്രൗണ്ടിലേയ്ക്ക് പ്രവേശനം തടസ്സപ്പെട്ടിരുന്നു. ടി മണ്ണ് പ്രസ്തുത ഗ്രൗണ്ടിൽ നിന്ന് മാറ്റിയതിന് ശേഷം 05.06.2025 ൽ സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തു. തുടർന്ന് സൈറ്റ് ക്ലീയറൻസ് പ്രവൃത്തിയും ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചു. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള മരങ്ങൾ മുറിച്ചു മാറ്റേണ്ടതായിട്ടുണ്ട്. 20.08.2025 ലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയും, 12.09.2025 ൽ പ്രസ്തുത സ്കൂൾ ഹെഡ്മിസ്ട്രസിന്റെ കത്തും ലഭ്യമായിട്ടുണ്ട്. ഉടൻ തന്നെ പ്രവൃത്തി പുനരാരംഭിക്കുന്നതാണെന്നും പ്രസ്തുത പ്രവൃത്തി 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പള്ളിപ്പുറത്ത് ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിച്ച ജോമോൻ സ്മാരക സ്റ്റേഡിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും, പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി സംബന്ധിച്ച വിശദാംശവും അറിയിക്കുമോ? | (സി) | **കിഫ്ബിപദ്ധതി പള്ളിപ്പുറം ഐ എച്ച് ആർ ഡി കോളേജിൽ സ്റ്റേഡിയം, അരൂർ (കിഫ്ബി പദ്ധതി)**<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ എച്ച് ആർ ഡി കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലേയ്ക്കായി 16.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ എസ്.പി.വി ആയി ആദ്യം കിറ്റ്കോയെയാണ് നിയമിച്ചിരുന്നത്. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബിയിൽ നിന്നും ഈ പദ്ധതിയ്ക്കായി 7.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി ദീർഘകാലം നടപ്പിലാക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുകയും, ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി തുക നിജപ്പെടുത്തി സമർപ്പിക്കാൻ കിഫ്ബി നിദേശിക്കുകയുണ്ടായി. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10.86 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ 12.02.2024 ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി. പി. ആർ. കിഫ്ബി പരിശോധിക്കുകയും ആയതിന്റെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 19.03.2025 ൽ സ്പോർട്സ് കേരള ഫൗണ്ടേഷന് നല്കിയിട്ടുമുണ്ട്. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ, |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ ടെക്നിക്കൽ അപ്പ്രൈസൽ റിപ്പോർട്ടിന്റെ മറുപടി സമർപ്പിക്കുമ്പോൾ അതോടൊപ്പം പുതുക്കിയ ഭരണാനുമതിയും സമർപ്പിക്കുവാൻ കിഫ്ബി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുതുക്കുന്നതിനായി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.<br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ അംഗീകരിച്ച പ്രകാരമുള്ള ഒരു ധാരണാപത്രത്തിൽ ഏർപ്പെടണമെന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനോട് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ധാരണപത്രം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ